ഇ. എക്സ്. സി.ജനറൽ(4)23625/2012/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം -12
തീയതി - 27/04/2012

## വിജ്ഞാപനം

**വിഷയം- എ.എച്ച്.എസ് എൽ.സി. - സേവ് എ ഇയർ പരീക്ഷ - മെയ് 2012 - സംബന്ധിച്ച്.**

**സൂചന- ജി.ഒ. (ആർ.ടി.) നംപർ 1403/2012 പൊ.വി. ജി. വകുപ്പ് തീയതി 22.03.2012.**

2012 മാർച്ചിലെ എ. എച്ച്. എസ്. എൽ. സി. പരീക്ഷ എഴുതിയ റഗുലർ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളിൽ പരമാവധി 2 പേപ്പറുകൾക്ക് കുറഞ്ഞത് ഡി+ ഗ്രേഡ് എങ്കിലും ലഭിക്കാത്ത തിനാൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്കുവേണ്ടി മാത്രമായി "സേവ് എ ഇയർ പരീക്ഷ" മേയ് 14 തിങ്കളാഴ്ച മുതൽ 18 വെള്ളിയാഴ്ചവരെ ചെറുതുരുത്തി കലാമണ്ഡലം ആർട്ട് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തുന്നതാണ്. പരീക്ഷയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. 2012 മാർച്ചിൽ റഗുലറായി എ. എച്ച്. എസ്. എൽ. സി. പരീക്ഷ എഴുതിയവർക്കു മാത്രമേ സേ പരീക്ഷയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.

2. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ എ. എച്ച്.എസ്.എൽ.സി. പരീക്ഷയിൽ 2 പേപ്പറു കൾക്ക് കുറഞ്ഞത് ഡി+ ഗ്രേഡെങ്കിലും ലഭിക്കാത്തതിനാൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്കു മാത്രമേ സേ പരീക്ഷ എഴുതുന്നതിന് അർഹതയുണ്ടായിരി ക്കുകയുള്ളൂ.

3. പ്രസ്തുത പരീക്ഷയിൽ 2 പേപ്പറുകൾക്ക് ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ഹാജരാ കുവാൻ കഴിയാതെ വന്ന റഗുലർ വിദ്യാർത്ഥികൾക്കും സേ പരീക്ഷ എഴുതാവുന്നതാണ്.

4. കൂടാതെ 2012 മാർച്ചിലെ എ. എച്ച്. എസ്. എൽ. സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ് /മാതാവ് /സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് രണ്ടിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ / അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

5. സേ പരീക്ഷയ്ക്ക് പുനർമൂല്യ നിർണ്ണയം അനുവദിക്കുന്നതല്ല.

6. സേ പരീക്ഷയ്ക്ക് ഒരു വിഷയത്തിന് 100 രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതാണ്

7. പുനർമൂല്യനിർണ്ണയത്തിനും അതോടൊപ്പം “സേ” പരീക്ഷയ്ക്കും അപേക്ഷിച്ചവരിലാരെങ്കിലും പുനർമൂല്യനിർണ്ണയത്തിൽ ഉപരിപഠനത്തിന്നർഹത നേടിയതായിക്കണ്ടാൽ “സേ” പരീക്ഷാഫലം പരിഗണിക്കുന്നതല്ല.

8. എഴുത്തു പരീക്ഷയുടെ സ്കോർ മാത്രമേ സേ പരീക്ഷയിലൂടെ മെച്ചപ്പെടുത്താനാവൂ.

9. 2012 മാർച്ചിലെ എ.എച്ച്.എസ്.എൽ.സി. പരീക്ഷാ ഫലത്തിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ട് ഉപയോഗിച്ച് അപേക്ഷ നൽകാവുന്നതാണ്.

10. ഐ.റ്റി. പരീക്ഷയിൽ തിയറി പരീക്ഷ മാത്രമായിരിക്കും സേ പരീക്ഷയിൽ ഉൾപ്പെടുത്തുക.

**2012- ലെ എ.എച്ച്. എസ്.എൽ.സി സേ പരീക്ഷാ തീയതിയും സമയവും**

| തീയതി | സമയവും വിഷയവും |
|---|---|
| 14.05.2012<br>തിങ്കൾ | രാവിലെ 9.45 മണി മുതൽ 12 വരെ മലയാളം<br>ഉച്ചയ്ക്ക് 1.45 മണി മുതൽ 4.00 വരെ സംസ്കൃതം |
| 15.05.2012<br>ചൊവ്വ | രാവിലെ 9.45 മണി മുതൽ 12 വരെ ഇംഗ്ളീഷ്<br>ഉച്ചയ്ക്ക് 1.45 മണി മുതൽ 4.00 വരെ ഹിന്ദി |
| 16.05.2012<br>ബുധൻ | രാവിലെ 9.45 മണി മുതൽ 12.00 വരെ ജനറൽ സയൻസ്<br>ഉച്ചയ്ക്ക് 1.45 മണി മുതൽ 4.00 വരെ ഹുമാനിറ്റീസ് |
| 17.05.2012<br>വ്യാഴം | രാവിലെ 9.45 മണിമുതൽ 12.00 വരെ ഗണിതം<br>ഉച്ചയ്ക്ക് 1.45 മണി മുതൽ 4.00 വരെ ആർട് സബ്ജക്ട് തിയറി |
| 18.05.2012<br>വെള്ളി | രാവിലെ 9.45 മണിമുതൽ 12.00 വരെ ലിറ്ററേച്ചർ<br>ഉച്ചയ്ക്ക് 2.00 മണി മുതൽ 3.15വരെ ഇൻഫർമേഷൻ ടേക്നോളജി |

**അപേക്ഷകളുടെ രജിസ്ട്രേഷൻ**

അനുബന്ധം എ ആയി ചേർത്തിരിക്കുന്ന അപേക്ഷാഫാറമാണ് സേ പരീക്ഷയുടെ രജിസ്ട്രേഷനായി പരീക്ഷാകേന്ദ്രത്തിൽ പൂരിപ്പിച്ച് നൽകേണ്ടത്.

**പരീക്ഷാ ഫീസ്**

സേ പരീക്ഷ എഴുതുന്നതിന് അപേക്ഷയോടൊപ്പം (അനുബന്ധം എ) പേപ്പർ ഒന്നിന് 100 രൂപ വീതം പരീക്ഷ എഴുതുന്ന കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന്റെ പക്കൽ പണമായി നൽകേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം 2012 മാർച്ച് എ.എച്ച്.എസ്.എൽ.സി പരീക്ഷാഫലത്തിന്റെ കംപ്യൂട്ടർ പ്രിന്റൗട്ടും നൽകേണ്ടതാണ്.

ലഭിച്ച തുക ചീഫ് സൂപ്രണ്ട് “സെക്രട്ടറി റ്റു ദി കമ്മീഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷൻസ് പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 12” എന്ന വിലാസത്തിൽ

തിരുവനന്തപുരത്ത് മാറത്തക്കവിധം ഡിമാന്റ് ഡ്രാഫ്റ്റായി പരീക്ഷാ സെക്രട്ടറിക്ക് അയയ്ക്കേണ്ടതാണ്.

**പരീക്ഷാ ഫീസ് അടയ്ക്കേണ്ട അവസാന തീയതി 04/05/2012**

**ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റ് അനുബന്ധം ബി യിൽ നൽകിയിരിക്കുന്നു. സ്റ്റേറ്റ്മെന്റിൽ വിഷയങ്ങൾക്കുനേരെ അവശ്യമായ ചോദ്യപേപ്പറുകളുടെ എണ്ണം രേഖപ്പെടുത്തി 05.05.2012 വൈകുന്നേരം 5 മണിക്ക് മുൻപായി cgeasection@gmail.com എന്ന അഡ്രസ്സിൽ ഇ മെയിൽ ചെയ്യേണ്ടതാണ്.**

"സേ" പരീക്ഷ എഴുതാൻ അർഹതയുള്ളവരെ മാത്രമേ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യിക്കാവൂ. മാത്രമല്ല അർഹതയുള്ള വിഷയങ്ങൾക്ക് മാത്രമാണ് പരീക്ഷാർത്ഥി അപേക്ഷിക്കുന്നതെന്ന് ചീഫ് സൂപ്രണ്ട് ഉറപ്പ് വരുത്തേണ്ടതാണ്. **പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തവരുടെ വിവരം അനുബന്ധം സി യിൽ രേഖപ്പെടുത്തി ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റിനോടൊപ്പം 05/05/2012 5 മണിക്ക് മുൻപായി ഇ മെയിൽ ചെയ്യേണ്ടതാണ്.**

**ഹാൾടിക്കറ്റ്**

അപേക്ഷ സ്വീകരിക്കുന്ന മുറയ്ക്ക് തന്നെ ചീഫ് സൂപ്രണ്ട് ഹാൾടിക്കറ്റ് നൽകേണ്ടതാണ്. (അനുബന്ധം ഡി) 2012 മാർച്ചിൽ പരീക്ഷാർത്ഥികൾക്ക് നൽകിയ രജിസ്റ്റർ നമ്പർ തന്നെയാണ് "സേ" പരീക്ഷയുടെയും രജിസ്റ്റർ നമ്പർ.

**സർട്ടിഫിക്കറ്റ്**

"സേ" പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് 2012 മാർച്ചിലെ സർട്ടിഫിക്കറ്റിനു പകരം പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. പഴയ സർട്ടിഫിക്കറ്റുകൾ പരീക്ഷാ കേന്ദ്രത്തിൽ തിരിച്ച് ഏൽപ്പിക്കേണ്ടതാണ്. ഫലം പ്രസിദ്ധപ്പെടുത്തി മൂന്നു മാസത്തിനകം "സേ" പരീക്ഷാ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുന്നില്ലെങ്കിൽ ആയത് പരീക്ഷാഭവൻ സെക്രട്ടറിയുടെ പേർക്ക് തിരികെ രജിസ്ട്രേഡായി അയക്കേണ്ടതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിന് വിജ്ഞാപനത്തിൽ നൽകിയിരിക്കുന്ന കാര്യങ്ങൾ ബന്ധപ്പെട്ടവർ കൃത്യമായി പാലിക്കേണ്ടതാണ്.

**ജോൺസ് വി ജോൺ**

**സെക്രട്ടറി**

# അനുബന്ധം എ

## എ.എച്ച്.എസ്.എൽ.സി. "സേ"പരീക്ഷ മേയ് 2012

## അപേക്ഷാഫാറം

1. സേ പരീക്ഷാ കേന്ദ്രത്തിന്റെ പേര് : കലാമണ്ഡലം ആർട്ട് എച്ച്.എസ്.എസ്. ചെറുതുരുത്തി

2.(a) പരീക്ഷാർത്ഥിയുടെ പേര് :

(b) ജനനതീയതി :

3. 2012 മാർച്ചിലെ പരീക്ഷയ്ക്ക് ലഭിച്ച രജിസ്റ്റർ നമ്പർ :

4 പരീക്ഷയ്ക്ക് എഴുതുന്ന പേപ്പറുകൾ ***( ഡി+ ഗ്രേഡിന് താഴെ ലഭിച്ച രണ്ടു പേപ്പറുകൾ)

| ക്രമ നമ്പർ | പരീക്ഷയെഴുതുന്ന വിഷയത്തിന്റെ പേര് | ലഭിച്ച ഗ്രേഡ് (03/2012 ൽ ) |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

*** 2012 മാർച്ചിലെ എ. എച്ച്. എസ്. എൽ. സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ് /മാതാവ് / സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് രണ്ടിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ / അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

5. അടയ്ക്കുന്ന ഫീസ് : രൂപ

6. പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും: :

മേൽ പ്രസ്താവിച്ച വസ്തുതകൾ സത്യമാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം

തീയതി

**പരീക്ഷാർത്ഥിയുടെ ഒപ്പ്**

## APPENDIX B

## STATEMENT OF CANDIDATES APPEARING FOR THE AHSLC SAY EXAMINATION - MAY 2012

Name of Centre : KALAMANDALAM ART HSS, Cheruthuruthy        Phone No (with STD Code)

Number of Boys : ……………..        Number of Girls: …………...        Total: ………………

### NUMBER OF QUESTION PAPER REQUIRED

### LANGUAGE AND NON LANGUAGE SUBJECTS

| Malayalam | Sanskrit | Hindi | English | Humanities | General Science | Mathemat | IT |
|---|---|---|---|---|---|---|---|
| | | | | | | | |

### ART GROUP SUBJECTS- THEORY

| Kathakali Vadakkan | Kathakali Thekkan | Kathakali Sangeetham | Chenda | Maddalam | Chutti | Kudiyattam Male | Kudiyattam Female | Thullal | Mridangam | Thimila | Mizhavu | Karnatic Music | (Mohiniyattam, Bhrathanatya, Kuchipudi) |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | |

### ART GROUP SUBJECTS- LITERATURE

| Kathakali Sahithyam | Kudiyattam | Thimila | Thullal | Karnadaka Sangeetham | Nritham |
|---|---|---|---|---|---|
| | | | | | |

Place        Name & Signature of Chief Superintendent

Date        School Seal

Mobile Phone No.

N.B. Statement should be e-mailed in the ID cgeasection@gmail.com on or before 5.5.2012

APPENDIX - C

## DETAILS OF CANDIDATES APPEARING FOR AHSLC SAY EXAMINTION - 2012

**Name of Centre : Kalamandalam Art HSS, Cheruthuruthy**

| Sl. No. | Reg. No. | Subjects Appearing for - put 'x' marks in appropriate column | | | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Language & Non-langauage Subjects | | | | | | | | Art Group Subjects - Theory | | | | | | | | | | | | | | Art Group Subjects - Literature | | | | | |
| | | Malayalam | Sanskrit | Hindi | English | Humanities | General Science | Mathematics | IT | Kathakali Vadakkan | Kathakali Thekkan | Kathakali Sangeetham | Chenda | Maddalam | Chutti | Kudiyattam - Male | Kudiyattam - Female | Thullal | Mridangam | Thimila | Mizhavu | Karnatic Music | Dance | Kathakali Sahityam | Kudiyattam | Thimila | Thullal | Karnataka Sangeetham | Nritham |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 | 30 |
| | | | | | | | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | | | | | | | |

Place :

Date :

**Signature of Chief Supdt.**

N.B.: Statement should be emailed on or before 05/05/2012 pareekshabhavancgl@gmail.com

**ART HIGH SCHOOL LEAVING CERTIFICATE EXAMINATION**
**SAVE A YEAR EXAMINATION MAY - 2012**

## ADMISSION TICKET

Register Number of Candidate :

Name in Block Letters :

Name of centre :

Name of Parent/Guardian :

Full Address :

**Signature of Chief Superintendent**
**(To be signed on the photograph)**

Signature of Candidate :

Date of issue of admission ticket :

**Signature of Chief Superintendent**

(School Seal)

---

## Instructions to Candidates

**പരീക്ഷാർത്ഥികൾ വായിച്ച് ശരിയായി മനസ്സിലാക്കുക**

1. Candidates must have their admission tickets with them when they are attending the written examinations
   പരീക്ഷാർത്ഥികൾ എഴുത്ത് പരീക്ഷയ്ക്ക് ഹാജരാകുമ്പോൾ അഡ്മിഷൻ ടിക്കറ്റ് അവരവരുടെ കൈവശം ഉണ്ടായിരിക്കേണ്ടതാണ്.
2. They must write the name of examination (A.H.S.L.C), the year and month of exam, register number and subject only on the facing sheet of the answer book
   ഉത്തരക്കടലാസിന്റെ മുൻവശത്തുള്ള ഷീറ്റിൽ പരീക്ഷയുടെ പേര് (A.H.S.L.C.) വർഷം, മാസം, രജിസ്റ്റർ നമ്പർ, വിഷയത്തിന്റെ പേര് എന്നിവ മാത്രം എഴുതേണ്ടതാണ്.
3. Candidate who arrives more than 30 minutes late in the Examination Hall will not admitted to the examination
   നിശ്ചിത സമയം കഴിഞ്ഞ് 30 മിനിട്ടിലധികം താമസിച്ചു വരുന്നവരെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല
4. If graph paper, drawing paper etc, are supplied, they must securely be attached to the answer book with the candidates register number duly entered on them. The register number should be written towards the top of every additional sheet used. The total number of additional sheets used should also be noted on the top of the facing sheet of the answer book
   ഗ്രാഫ് പേപ്പറോ, ഡ്രായിംഗ് പേപ്പറോ തന്നാൽ അതിൽ രജിസ്റ്റർ നമ്പർ എഴുതി ഉത്തരക്കടലാസിൽ ഭദ്രമായി തുന്നിക്കോർക്കണം. കൂടുതലായി ഉപയോഗിക്കുന്ന ഓരോ ഷീറ്റിലും മുകൾഭാഗത്ത് രജിസ്റ്റർ നമ്പർ എഴുതിയിരിക്കണം. കൂടാതെ, ഉപയോഗിച്ചിട്ടുള്ള ആകെ ഷീറ്റുകളുടെ എണ്ണം ഉത്തരക്കടലാസിന്റെ ആദ്യപേജിൽ മുകളിൽ എഴുതേണ്ടതാണ്.
5. Candidates should use the same ink throughout one session.
   ഒരു പേപ്പർ എഴുതുന്നതിന് ഒരേതരം മഷി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.
6. Candidates should scrutinise the entries made in their Admission ticket issued by the Chief Superintendent and point out mistakes, if any, then and there and get them rectified
   ചീഫ് സൂപ്രണ്ട് തരുന്ന അഡ്മിഷൻ ടിക്കറ്റ് നല്ലവണ്ണം പരിശോധിക്കേണ്ടതും അതിൽ വല്ല തെറ്റുകളും ഉണ്ടെങ്കിൽ അതിനെ അവിടെ വച്ചുതന്നെ തിരുത്തി വാങ്ങേണ്ടതാണ്.
7. Malpractices or attempt to malpractice or even taking any manuscript to the Examination Hall or writing anything on the instrument boxes, cloth or admission tickets and writing on wall or on any part of the

body, using mobile phones etc., will be considered as malpractice and the candidates who resort to such practice will be dealt with severely.
പരീക്ഷാഹാളിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ (പുസ്തകങ്ങളോ, നോട്ടുബുക്കുകളോ മറ്റു കടലാസുകഷണങ്ങളോ പരീക്ഷാ ഹാളിൽ കൊണ്ടുപോകുക, അവ നോക്കി എഴുതുക, അഡ്മിഷൻ ടിക്കറ്റ്, വസ്ത്രം, ഉപകരണങ്ങൾ, ഭിത്തി, ശരീരത്തിന്റെ ഏതെങ്കിലും ഭാഗങ്ങൾ മുതലായവയിൽ എന്തെങ്കിലും എഴുതി കൊണ്ടുപോകുക, മൊബൈൽ ഫോൺ ഉപയോഗിക്കുക) കാണിക്കുന്നവരുടെ പേരിൽ കർശനമായി ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

8. Immediately on receipt of the question paper, candidates should note their Register Numbers on the top (with signature). Those who leave the examination hall earlier should deposit the question papers with the Assistant Superintendents.
ചോദ്യക്കടലാസ് കിട്ടിയാലുടനെ അവരവരുടെ രജിസ്റ്റർ നമ്പരുകൾ അതിന്റെ മുകളിൽ എഴുതി ഒപ്പ് വയ്ക്കേണ്ടതാണ്. പരീക്ഷാ സമയം കഴിയുന്നതിന് മുൻപ് ഇറങ്ങുന്നവർ ചോദ്യക്കടലാസുകൾ അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കേണ്ടതാണ്.

9. Any strong misbehavior inside the examination room or within the school premises will be treated, as malpractice and strong action will be taken on the basis of the reports received from Chief Superintendents.
സ്കൂൾ പരിസരങ്ങളിൽ വെച്ചുള്ള എല്ലാ ക്രമരഹിതമായ പെരുമാറ്റങ്ങളും പരീക്ഷാസംബന്ധമായ ക്രമക്കേടുകളും കാണിക്കുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

10. Stringent action will be taken on reports of intimidation, assault, use of abusive language, sprinkling of ink or indecent behavior inside or outside the school premises towards those engaged in examination duty.
പരീക്ഷ സംബന്ധിച്ച ചുമതലകളിൽ ഏർപ്പെടുന്ന സൂപ്രണ്ടുമാർ മുതലായവരെ ഭീഷണിപ്പെടുത്തുക, കയ്യേറ്റം ചെയ്യുക, മഷി കുടയുക, അസഭ്യം പറയുക, മറ്റേതെങ്കിലും വിധത്തിൽ അവരോട് സ്കൂൾ പരിസരങ്ങളിൽ വെച്ചോ പുറത്തുവച്ചോ അപമര്യാദയായി പെരുമാറുക മുതലായവയെ സംബന്ധിച്ച് ലഭിക്കുന്ന റിപ്പോർട്ടുകളിൻമേൽ ഉചിതമായ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## 2012- ലെ എ.എച്ച്. എസ്.എൽ.സി സേ പരീക്ഷാ തീയതിയും സമയവും

| തീയതി | സമയവും വിഷയവും |
|---|---|
| 14.05.2012<br>തിങ്കൾ | രാവിലെ 9.45 മണി മുതൽ 12 വരെ മലയാളം<br>ഉച്ചയ്ക്ക് 1.45 മണി മുതൽ 4.00 വരെ സംസ്കൃതം |
| 15.05.2012<br>ചൊവ്വ | രാവിലെ 9.45 മണി മുതൽ 12 വരെ ഇംഗ്ലീഷ്<br>ഉച്ചയ്ക്ക് 1.45 മണി മുതൽ 4.00 വരെ ഹിന്ദി |
| 16.05.2012<br>ബുധൻ | രാവിലെ 9.45 മണി മുതൽ 12.00 വരെ ജനറൽ സയൻസ്<br>ഉച്ചയ്ക്ക് 1.45 മണി മുതൽ 4.00 വരെ ഹുമാനിറ്റീസ് |
| 17.05.2012<br>വ്യാഴം | രാവിലെ 9.45 മണിമുതൽ 12.00 വരെ ഗണിതം<br>ഉച്ചയ്ക്ക് 1.45 മണി മുതൽ 4.00 വരെ ആർട് സബ്ജക്ട് തിയറി |
| 18.05.2012<br>വെള്ളി | രാവിലെ 9.45 മണിമുതൽ 12.00 വരെ ലിറ്ററേച്ചർ<br>ഉച്ചയ്ക്ക് 2.00 മണി മുതൽ 3.15വരെ ഇൻഫർമേഷൻ ടേക്നോളജി |

കൂൾ ഓഫ് ടൈം. 15 മിനിട്ട്

### പ്രത്യേക ശ്രദ്ധയ്ക്ക്

- അംഗീകരിച്ചിട്ടുള്ള ഔദ്യോഗിക സമയം കൃത്യമായി അനുസരിക്കേണ്ടതാണ്
- പരീക്ഷാ കമ്മീഷണറുടെ നിർദ്ദേശം ഇല്ലാതെ യാതൊരു കാരണവശാലും പരീക്ഷ മാറ്റി വയ്ക്കുവാൻ പാടുള്ളതല്ല
- പരീക്ഷാ ദിവസങ്ങളിൽ ഏതെങ്കിലും ദിവസം അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി മുകളിൽ പരാമർശിച്ച സമയ വിവരപ്പട്ടിക കർശനമായും പാലിക്കേണ്ടതാകുന്നു.

*****************